ഗവൺമെന്റ് ഓഫ് കേരള
ഗവ.മെഡിക്കൽ കോളേജ് കോട്ടയം
ഗാന്ധിനഗർ പി.ഒ കോട്ടയം.-08

ഇ-മെയിൽ medicalcollegekottayam@gmail.com ഫോൺ നം. 0481-2597279
ഫാക്സ്: 0481-2597284 04812597284

---

നം. ജി.എം.സി കെ.റ്റി.എം/1988/2025-എ5 തീയതി:10-10-2025

**<u>പരസ്യം</u>**

കോട്ടയം ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന **<u>മഹാഗണി മരം</u>** ഒക്ടോബർ-22 ന് ഉച്ചയ്ക്ക് ശേഷം 02:00 മണിക്ക് ലേലം/ക്വട്ടേഷൻ മുഖേന വിൽക്കുന്നതാണ്. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ അന്നേദിവസം 12:00 മണിക്ക് മുൻപായി 5,000/- രൂപ നിരത ദ്രവ്യമായി അടച്ച് ടോക്കൺ എടുക്കേണ്ടതാണ്. ഇപ്രകാരം ടോക്കൺ എടുത്തവർക്ക് ക്വട്ടേഷനും സമർപ്പിക്കാവുന്നതാണ്.

ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് നൽകുന്ന വ്യക്തി മുഴുവൻ തുകയും നിയമാനുസൃത നികുതികളും അന്നേ ദിവസം തന്നെ നൽകേണ്ടതുണ്ടതുമാണ്. ലേലം ഉറപ്പിച്ച എന്ന് രേഖാമൂലം അറിയിപ്പ ലഭിച്ചതിനു ശേഷം കാരാറിലേർപ്പെട്ട് ലേല തുകയുടെ 10% സെക്യൂരിറ്റി ഡിപോസിറ്റ് ഈ കാര്യാലയത്തിൽ സമർപ്പിച്ച് 7 ദിവസത്തിനകം സമീപമുള്ള കെട്ടിടങ്ങൾക്കും, വൈദ്യുതി, ജലവിതരണം തുടങ്ങി മെഡിക്കൽ കോളേജിന്റെ സ്ഥാവരജംഗമ ജംഗമസ്വത്തുക്കൾക്കും മറ്റു സംവിധാനങ്ങൾക്കും കേടു പാടില്ലാതെ പ്രസ്തുത മരം നീക്കം ചെയ്ത് നൽകേണ്ടതാണ്. തൃപ്തികരമായി മഹാഗണി മുറിച്ച് നീക്കം ചെയ്തതിനു ശേഷം മാത്രമേ ലേലം ഉറപ്പിച്ച് നൽകിയ വ്യക്തി സമർപ്പിച്ച സെക്യൂരിറ്റി ഡിപോസിറ്റ് തിരികെ നൽകുകയുള്ളൂ. ലേല വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം പുന: ലേലം നടത്തുന്നതും നിരതദ്രവ്യം സർക്കാരിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും. ആയതിലേക്ക് യാതൊരുവിധ തടസവാദത്തിനും അവകാശമില്ലാത്തതും തന്മൂലം സർക്കാരിനുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതാണ്. മുറിച്ച് നീക്കേണ്ട മഹാഗണി മരം കാണുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രിയിലെ സർജന്റിന്റെ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിണോ റദ്ദ് ചെയ്യുന്നതിനോ പ്രിൻസിപ്പലിന് അധികാരം ഉണ്ടായിരിക്കും.

Signed by
Dr Varghese P Punnoose
Date: 10-10-2025 16:50:43

PRINCIPAL

പകർപ്പ്

1) സൂപ്രണ്ട്, ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി, കോട്ടയം.

2) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഗവ. മെഡിക്കൽ കോളേജ്, കോട്ടയം

3) സർജന്റ്, ഗവ. മെഡിക്കൽ കോളേജ്, ആശുപത്രി, കോട്ടയം/ഗവ. മെഡിക്കൽ കോളേജ്, കോട്ടയം.

നോട്ടീസ് ബോർഡുകൾ:-

1) പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ്/ ഇലക്ട്രിക്കൽ സെക്ഷൻ, ഗാന്ധിനഗർ, കോട്ടയം

2) ഗവ.മെഡിക്കൽ കോളേജ് ഓഫീസ്, കോട്ടയം ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, ഗവ.ഡന്റൽ കോളേജ്, ഗവ.നഴ്സിംഗ് കോളേജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, ഏറ്റുമാനൂർ KMCHC,

3) ഗ്രാമപഞ്ചായത്, ആർപ്പൂക്കര, അതിരമ്പുഴ, അയ്മനം.

4) ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം മുൻസിപ്പാലിറ്റി.

5) വെബ് സൈറ്റ്.

6) ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.